പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1369** **11.08.2017 ൽ മറുപടിയ്ക്ക്**

## നാളികേര കൃഷി വികസനം

| ചോദ്യം | മറുപടി |
|---|---|
| ഡോ.എം. കെ. മുനീർ<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ.അബ്ദുൽ ഹമീദ്. പി | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) നാളികേര കൃഷി വികസനത്തിന് 2016-17 വർഷം ആസൂത്രണം ചെയ്തു നടപ്പാക്കിയ പദ്ധതികളുടെ വിശദവിവരം നല്കാമോ; | എ) 2016-17 വർഷം സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേരഗ്രാമങ്ങൾ പുതുതായി തിരഞ്ഞെടുത്ത് 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായി പദ്ധതി നടപ്പിലാക്കുകയും 3803.7726 ലക്ഷം രൂപ പദ്ധതിക്കായി ചെലവിടുകയുമുണ്ടായി. പ്രസ്തുത പദ്ധതിയിലൂടെ തടം തുറക്കൽ, കള നിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവവളങ്ങൾ, ജീവാണുവളം, സസ്യ സംരക്ഷണ വസ്തുക്കൾ ഇവ നൽകുക, ഇടവിള കൃഷി, രോഗബാധിതമായി ഉൽപാദന ക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ നടുക തുടങ്ങിയ സംയോജിത വിള പരിപാലന മുറകൾ 11977.973 ഹെക്ടർ കൃഷി സ്ഥലത്ത് നടപ്പിലാക്കുകയുണ്ടായി. കൂടാതെ 1240.75816 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും 3828 തെങ്ങ് കയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുകയും 454 ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുകയും പ്രാദേശികമായ ആവശ്യങ്ങൾക്കായി 14 തെങ്ങിൻ തൈ നഴ്സറികൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രോജക്ട് അടിസ്ഥാനത്തിൽ കൂട്ടായ പ്രവർത്തനങ്ങൾക്കും മൂല്യ വർദ്ധിത സംരംഭങ്ങൾക്കും പഞ്ചായത്തുതല കേരസമിതികൾ/ സൊസൈറ്റികൾക്ക് 281.54482 ലക്ഷം രൂപയുടെ സഹായം നൽകുകയും ഉണ്ടായി. |
| ബി) | നാളികേര കൃഷിക്ക് ഇടവിളയായി പച്ചക്കറി കൃഷിചെയ്യുന്ന പദ്ധതി ഇതോടൊപ്പം നടപ്പാക്കിയിട്ടുണ്ടോ; | ബി) & സി) | ഇല്ല. 2016-17 വർഷം 7160.38 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതമായി വകയിരുത്തി "സമഗ്ര പച്ചക്കറികൃഷി വികസന പദ്ധതി" എന്ന പേരിൽ ബൃഹത്തായ ഒരു പദ്ധതി പച്ചക്കറി കൃഷിക്ക് മാത്രമായി നടപ്പിലാക്കി ആനുകൂല്യം നൽകുന്നതിനാൽ കേരഗ്രാമം പദ്ധതിയിൽ തെങ്ങിന്റെ ഇടവിളയായി കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ഇഞ്ചി, മഞ്ഞൾ മുതലായ ഇടവിളകൾക്കാണ് കൂടുതൽ പ്രാമുഖ്യം നൽകിയിരിക്കുന്നത്. |
| സി) | എങ്കിൽ അതുമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം നൽകുമോ? | | |

Mayal

**സെക്ഷൻ ഓഫീസർ**